# ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം (ഡയറ്റ്)
# കോട്ടയം



## കാര്യോപദേശക സമിതി യോഗം
## 20/8/2019




DISTRICT INSTITUTE OF EDUCATION AND TRAINING(DIET)
KOTTAYAM,VELLOOR P.O, PAMPADY, 686501, Ph.0481 250613

# ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം
# (ഡയറ്റ്) കോട്ടയം

വെള്ളൂർ .പി .ഒ, പാമ്പാടി, 6 8 6 5 0 1 .
ഫോൺ 0 4 8 1  2 5 0 6 13

# കാര്യോപദേശക സമിതി യോഗം

( PROGRAMME ADVISORY COMMITTEE MEETING)
20 /8/ 2 0 1 9
10: AM
ഡയറ്റ് ഹാൾ

# യോഗ മിനിറ്റ്സ്

## അജണ്ട:

ഈശ്വര പ്രാർത്ഥന

അനുസ്മരണം

| | | |
|---|---|---|
| സ്വാഗതം | : | ശ്രീ ആർ പ്രസാദ് (സീനിയർ ലക്ചറർ,P&M, ഡയറ്റ് കോട്ടയം) |
| ആമുഖഭാഷണം | : | ശ്രീ ജോണി ജേക്കബ് (പ്രിൻസിപ്പൽ, ഡയറ്റ് കോട്ടയം) |
| അധ്യക്ഷൻ | : | അഡ്വ.സണ്ണി പാമ്പാടി (ജില്ലാപഞ്ചായത്ത് ഡിവിഷൻഅംഗം ,മുൻ പ്രസിഡൻറ്) |
| ഉദ്ഘാടനം | : | അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്) |
| ആശംസകൾ | : | ശ്രീമതി അജിതകുമാരി (ഡിഡിഇ കോട്ടയം) |
| 2018- 19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരണം | : | ശ്രീ.ഇമ്മാനുവൽ ടി ആൻറണി (സീനിയർ ലക്ചറർ, IFIC ഡയറ്റ് കോട്ടയം) |
| 2019-20 വർഷത്തെ പ്രവർത്തന പദ്ധതി രൂപരേഖ അവതരണം | : | ശ്രീ ജോണി ജേക്കബ് (പ്രിൻസിപ്പൽ, ഡയറ്റ് കോട്ടയം) |
| ചർച്ചയും നിർദ്ദേശങ്ങളും | : | പി.എ.സി അംഗങ്ങൾ |
| ക്രോഡീകരണം കൃതജ്ഞത | : | ശ്രീമതി .മഞ്ജു പി കെ ( ലക്ചറർ,P&M, ഡയറ്റ് കോട്ടയം) |

ദേശീയഗാനം

# ഹാജർ

1. സജികുമാർ എസ് എ (പിടിഎ പ്രസിഡൻറ് ,ഡയറ്റ്)
2. ലത പി (ഹെഡ്മിസ്ട്രസ് പി ടി എം എച്ച് എസ് വെള്ളൂർ)
3 സൂസൻ ജോസഫ് (പ്രിൻസിപ്പൽ പിടിഎ എച്ച്എസ്എസ് വെള്ളൂർ)
4 ഉഷ ഗോവിന്ദ് (കോട്ടയം വിദ്യാഭ്യാസ ജില്ല ഓഫീസർ)
5 രതീഷ് കെ ബാബു (ജില്ലാ കോഡിനേറ്റർ വി എച്ച് എസ് സി)
6 ജയശങ്കർ കെ ബി (ജില്ലാ കോഡിനേറ്റർ KITE )
7 എം ജെ തോമസ് (പ്രിൻസിപ്പൽ എസ് ടി സി റ്റി സി ഐ ടി ഇ ,പാലാ)
8 ഷാന്റി എ .കെ (എച്ച് എം ,ഗവൺമെൻറ് യുപിഎസ്, മാലം)
9. പ്രമോദ് കെ.വി ( ബി പി ഒ, ബി ആർ സി ഈരാറ്റുപേട്ട)
10 ബിനീത് കെഎസ് (ബിആർസി ട്രെയിനർ ,AKSTAപ്രതിനിധി)
11 സി. ശശിധരൻനായർ (റിട്ടയേഡ് സീനിയർ ലക്ചറർ, ഡയറ്റ്)
12 സന്തോഷ് കുമാർ സി ആർ (Rtd.പ്രിൻസിപ്പൽ GHSS കല്ലാർ)
13 സാറാമ്മ വർഗീസ് (എച്ച് എം., ജി എൽ പി എസ് ,വെള്ളൂർ)
14 ശ്രീലത കെ എ. (AEO, കോട്ടയം ഈസ്റ്റ്)
15 സ്കറിയ എം സി (എച്ച് എം ,GUPS ചിരംകുളം, KPSTA പ്രതിനിധി)
16 അജിതകുമാരി ടി കെ (ഡിഡി ഇ, കോട്ടയം)
17 പ്രസാദ് കെ ജെ ( ജില്ലാ കോഡിനേറ്റർ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം)
18 കെ വി രതീഷ് (ജില്ലാ കോഡിനേറ്റർ ,സാക്ഷരതാ മിഷൻ)
19 ടോണി ആൻറണി (പ്രിൻസിപ്പൽ, Govt.ITE ,കോട്ടയം)
20 ഗോപകുമാർ കെ ജി (പ്രിൻസിപ്പൽ,VKPMNSS ITE,ഇടമറ്റം)

# ഹാജർ

21 അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ (പ്രസിഡൻറ് ജില്ലാ പഞ്ചായത്ത്)
22 അഡ്വ. സണ്ണി പാമ്പാടി ( ജില്ലാ പഞ്ചായത്ത് ഡിവിഷൻ അംഗം , മുൻപ്രസിഡന്റ്)
23 സാം പി എബ്രഹാം ( ബി പി ഒ,പാമ്പാടി)
24 വിശ്വമോഹിനി (പ്രോജക്ട് എഞ്ചിനീയർ,SSK)
25 ഷൈല സെബാസ്റ്റ്യൻ (ജില്ലാ പ്രോഗ്രാം ഓഫീസർ SSK)
26 സാബു ഐസക് (DPO (in charge),SSK
27 പ്രകാശൻ വി.കെ (റിട്ടയേഡ് പ്രിൻസിപ്പൽ, ഡയറ്റ്)
28 ജയശ്രീ ആർ (ലക്ചറർ ,ഡയറ്റ് കോട്ടയം)
29 കെ കെ ഇസ്മായിൽ (ജെ എസ് ,ഡയറ്റ്)
30 റിജു കെ രാജു (സെക്ഷൻ ക്ലാർക്ക്)
31 അർച്ചന .എ. നായർ (ഒ എ ,ഡയറ്റ്)
32 ജോണി ജേക്കബ് ( പ്രിൻസിപ്പൽ ഡയറ്റ്)
33 ആർ പ്രസാദ് ( സീനിയർ ലക്ചറർ, P&M, ഡയറ്റ്)
34 സുനിൽകുമാർ (എംഒ സീനിയർ ലക്ചറർ PSTE ഡയറ്റ് )
35 ശ്രീലക്ഷ്മി (രണ്ടാംവർഷ വിദ്യാർഥി പ്രതിനിധി, DElEd,ഡയറ്റ്)
36 ക്രിസ്റ്റി ആൻ മാത്യു (ഒന്നാം വർഷ വിദ്യാർത്ഥി പ്രതിനിധി)
37 ഇമ്മാനുവൽ ടി ആൻറണി (സീനിയർ ലക്ചറർ, IFIC ഡയറ്റ്)
38 മഞ്ജു പി കെ (ലക്ചറർ,P&M, ഡയറ്റ്)
39 റെജിൻ ജോർജ് (ലക്ചറർ ,PSTE, ഡയറ്റ്)
40 Dr. ലോറൻസ് (ലക്ചറർ, Psy.Edu ,ഡയറ്റ്)

# കാര്യോപദേശക സമിതി യോഗം( PAC മീറ്റിംഗ്)

20 /8/ 2019

10: AM

ഡയറ്റ് ഹാൾ

## യോഗനടപടികൾ




ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച കാര്യോപദേശക സമിതി യോഗത്തിൽ ഡയറ്റിലെ സീനിയർ ലക്ചറർ ശ്രീ. ആർ പ്രസാദ് സ്വാഗതം ആശംസിച്ചു. കോട്ടയം ജില്ലയിൽ ഡയറ്റ് നടത്തുന്ന അക്കാദമിക പിന്തുണ പ്രവർത്തനങ്ങളിൽ ഉപദേശക സമിതിയുടെ റോൾ എന്തെന്ന് അദ്ദേഹം ചുരുക്കത്തിൽ വിവരിച്ചു.



ജില്ലാ പഞ്ചായത്ത് ഡിവിഷൻ അംഗവും മുൻ പ്രസിഡണ്ടു മായ അഡ്വ. സണ്ണി പാമ്പാടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോട്ടയം ഡയറ്റ് നേതൃത്വം നൽകുന്ന എല്ലാ അക്കാദമിക പ്രവർത്തനങ്ങൾക്കും ജില്ലാപഞ്ചായത്തിന്റെ പരിപൂർണ്ണ സഹകരണം അദ്ദേഹം വാഗ്ദാനം ചെയ്തു. മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന ഡയറ്റിനെ അഭിനന്ദിച്ചുകൊണ്ട് അഡ്വ. സണ്ണി പാമ്പാടി സംസാരിച്ചു. ഈ കൂടിയിരിപ്പിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിക്കൊണ്ട് കോട്ടയം ജില്ലയിലെ അക്കാദമിക നിലവാരം  ഉയർത്താൻ കൂട്ടായി യത്നിക്കാം എന്ന ആഹ്വാനമാണ് അദ്ദേഹം മുന്നോട്ടുവച്ചത്.





2019-20കാര്യോപദേശക സമിതി യോഗത്തിന്റെ ഉദ്ഘാടനം ബഹുമാന പ്പെട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.**സെബാസ്റ്റ്യൻ കുളത്തുങ്കൽ** നിർവഹിച്ചു. വിദ്യാഭ്യാസപ്രവർത്തനങ്ങ ൾക്ക് പ്രാധാന്യം നൽകേണ്ട ആവശ്യക തയിൽ ഊന്നിക്കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ദേശീയ നിലവാരത്തിൽ കോട്ടയം ജില്ല മുന്നിലായിരുന്നു നിന്നിരു ന്നത്. സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ ജില്ല. എന്നാൽ ആ മുന്നേറ്റം തുടരാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഈ യോഗം വളരെ പ്ര സക്തമാണ്. പൊതുവിദ്യാഭ്യാസത്തെ അതിന്റെ ഏറ്റവും മികച്ച നിലയിലേ ക്ക് ഉയർത്തേണ്ടതുണ്ട്. നാടിന്റെ പുരോഗതിക്ക് നിദാനം ആകുന്നത് വിദ്യാ ഭ്യാസമാണ്. ലോകം ഒരു ഗ്രാമമായി ചുരുങ്ങിയിരിക്കുന്നു, അതിനാൽ മത്സ രം ലോകത്തിനോട് മുഴുവനുമാണ്. നമ്മുടെ നിസ്സംഗതയും നിഷ്ക്രിയത്വ വും ഈ മുന്നേറ്റത്തിന് വിഘാതമാവരുത്. ഡയറ്റിന്റെ നേതൃത്വത്തിൽ പു ത്തൻ പദ്ധതികൾ നടപ്പാക്കണമെന്നും  ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൂട്ടിച്ചേർത്തു. വിദ്യാഭ്യാസ പ്രവർത്തന സമീപനങ്ങളിലും കാതലായ മാറ്റം വന്നിരിക്കുന്നു. ജില്ലയിലെ അക്കാദമികപ്രവർത്തനങ്ങൾ ഹൈടെക് രീതി യിൽ പ്രാവർത്തികമാവുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കൃത്യമായ കർ മ്മ പരിപാടികൾ ആസൂത്രണം ചെയ്ത് ,ജില്ലാ പഞ്ചായത്തിന്റെ പരിപൂർണ്ണ പിന്തുണയോടെ ഡയറ്റിന് ആ ലക്ഷ്യം നിർവഹിക്കാൻ സാധിക്കട്ടെയെന്നു ള്ള അഡ്വക്കറ്റ് സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ വാക്കുകൾ യോഗം  നിറ ഞ്ഞ കൈയടിയോടെയാണ് സ്വീകരിച്ചത്.

# ആമുഖപ്രഭാഷണം



ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിന്റെ പ്രധാനപ്പെട്ട ചുമതലകൾ എന്തൊക്കെയെന്ന് വിശദീകരിച്ചുകൊണ്ടാണ് ഡയറ്റ് പ്രിൻസിപ്പൽ **ശ്രീ ജോണി ജേക്കബ്** ആമുഖപ്രഭാഷണം ആരംഭിച്ചത്. കാര്യോപദേശക സമിതി യോഗത്തിലെ ചർച്ചകളിലൂടെ തീരുമാനിക്കപ്പെടുന്ന പ്രവർത്തനങ്ങൾ എപ്രകാരം പ്രാവർത്തികമാക്കുന്നുവെന്നും പ്രവർത്തനങ്ങളുടെ സ്രോതസ്സ്, ലക്ഷ്യങ്ങൾ ഇവ എന്തൊക്കെയായിരിക്കും എന്നും പൊതുവായി സൂചിപ്പിച്ചു. ഡയറ്റിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ജില്ലാപഞ്ചായത്തിന്റെയും എസ് എസ് കെയുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെയുമെല്ലാം പിന്തുണ അനിവാര്യമാണെന്നും പ്രിൻസിപ്പാൾ കൂട്ടിച്ചേർത്തു.

# ആശംസകൾ



**അ**ക്കാദമിക പിന്തുണയാണ് ഡയറ്റിന്റെ ഉത്തരവാദിത്വം എന്ന ഓർമ്മപ്പെടുത്തലോടെയാണ് കോട്ടയം ജില്ലയുടെ വിദ്യാഭ്യാസ ഉപ ഡയറക്ടർ **ശ്രീമതി. അജിതകുമാരി ടി.കെ** യോഗത്തിന്ആശംസകൾ അർപ്പിച്ചത്. ചർച്ചകളിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ പ്രാവർത്തികമാക്കുകയാണ് പ്രധാനം. ഇനിയും നമ്മുടെ ജില്ല മുന്നിലേക്ക് എത്താൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ പ്ലാൻ തയ്യാറാക്കി അതിനനുസരിച്ച് പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയാണ് ഡയറ്റിന്റെ പ്രഥമമായ ഉത്തരവാദിത്വം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ വാക്കുകൾ പ്രചോദിപ്പിക്കുന്നതും പ്രതീക്ഷ നൽകുന്നതുമാണെന്ന് കൂട്ടിച്ചേർത്ത വിദ്യാഭ്യാസ ഉപഡയറക്ടർ ഡയറ്റ് ഈ അനുകൂല സാഹചര്യം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2018 19 അധ്യയനവർഷത്തിലെ പ്രവർത്തന റിപ്പോർട്ട് ആയിരുന്നു യോഗത്തിൽ പിന്നീട് അവതരിപ്പിക്കപ്പെട്ടത്. പവർ പോയിന്റ് പ്രദർശനത്തോടെ റിപ്പോർട്ട് അവതരിപ്പിച്ചത് ഡയറ്റ് സീനിയർ ലക്ചറർ

ശ്രീ ഇമ്മാനുവൽ ടി ആന്റണി.



## 2018 -19 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

- കാര്യോപദേശക സമിതി യോഗം
- അവധിക്കാല അധ്യാപക പരിശീലനം
- ഒന്നാംതരം ഒന്നാന്തരം
- വൈഭവം എൽഎസ്എസ് /യുഎസ്എസ് പഠന പരിശീലന വാരം
- ക്രിയാഗവേഷണം
- ഹൈസ്കൂൾ മൂല്യനിർണയ പ്രവർത്തനങ്ങൾ
- എൽ എസ് എസ് സർട്ടിഫിക്കറ്റ് വിതരണം
- ക്യാമ്പസ് ഒരു പാഠപുസ്തകം
- ഗണിത ശില്പശാല

- ഐ ടി ഇ പരിശീലനങ്ങൾ
- സർഗവേദി
- സാമൂഹ്യ ശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി(STEPS )
- പ്രശിക്ഷ - പ്രീ-പ്രൈമറി പ്രൈമറി അധ്യാപക പരിശീലനം
- ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷ്
- ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം
- ശ്രദ്ധ
- കോണ്ടൂർ മാപ്പിംഗ്
- വിദ്യാഭ്യാസ സെമിനാർ
- NIOS
- ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരുടെ അവലോകനയോഗം
- ഡയറ്റ് പ്രിൻസിപ്പൽമാരുടെ അവലോകന ആസൂത്രണയോഗം
- ന്യൂ മാത്സ് ട്രെയിനിങ്
- OSS പ്രവർത്തനങ്ങൾ
- പ്രീ സർവീസ് പ്രവർത്തനങ്ങൾ
- മെന്റർ പരിശീലനം
- സ്കൂൾ അനുഭവ പരിപാടി
- സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ്
- പഠനയാത്ര

# പദ്ധതിരൂപരേഖ

2019 20 അധ്യയനവർഷത്തെ പ്രവർത്തന പദ്ധതി രൂപരേഖ അവതരിപ്പിച്ചത് ഡയറ്റ് പ്രിൻസിപ്പൽ **ശ്രീ. ജോണി ജേക്കബ്.**

## 2019 /20 അധ്യയനവർഷത്തെ പ്രധാന പദ്ധതികൾ

- വിദ്യാഭ്യാസ ഓഫീസർമാർക്ക് പ്രൊഫഷണൽ ഡെവലപ്മെന്റ് പ്രോഗ്രാം
- ITE പ്രിൻസിപ്പൽമാരുടെ പ്രീവ്യൂ മീറ്റിംഗ്
- ടീച്ചർ എജ്യുക്കേറ്റേഴ്സിനു പരിശീലനം
- എൽ എസ് ജി അംഗങ്ങൾക്ക് കോളനികളുമായി ബന്ധപ്പെട്ടുള്ള സാക്ഷരതാ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം
- സ്പോർട്സ് /ഗെയിംസ് - പരിശീലനവും നടത്തിപ്പുമായി ബന്ധപ്പെട്ട് അധ്യാപകർക്കും അധ്യാപക പരിശീലകർക്കും ട്രെയിനിങ്
- പ്രവൃത്തി പരിചയത്തിൽ പരിശീലനം
- SSLC, LSS, USS, NTSE എന്നിവയുമായി ബന്ധപ്പെട്ട് റിസോഴ്സ് ബാങ്ക് അംഗങ്ങൾക്ക് ശാക്തികരണ പരിപാടി

- പുതുതായി നിയമിക്കപ്പെട്ട അധ്യാപകർക്ക് ഇൻഡക്ഷൻ ട്രെയിനിങ്
- പുതുതായി നിയമിക്കപ്പെട്ട പ്രഥമ അധ്യാപകർക്ക് പരിശീലനം
- ഒന്നാംതരം ഒന്നാന്തരം മെറ്റീരിയൽ തയ്യാറാക്കൽ
- വൈഭവം പരിശീലനം മെറ്റീരിയൽ തയ്യാറാക്കൽ
- ജില്ലയിലെ അധ്യാപക പരിശീലകർക്കും ഡിഎൽഎഡ് വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ ട്രെയിനിങ്
- വിദ്യാലയങ്ങളിലെ മികച്ച പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ
- ഐടിഇ കളിലെ മികച്ച പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ
- ഡയറ്റ് വെബ്സൈറ്റ്
- അക്കാദമിക പ്രവർത്തനങ്ങൾക്ക് വേണ്ട ടെക്നോളജി സപ്പോർട്ടുകൾ ഉറപ്പുവരുത്തൽ
- വൈഭവം എൽഎസ്എസ് / യുഎസ്എസ് പരിശീലനം വൈഭവം എസ്എസ്എൽസി പരിശീലനം
- ക്രിയാ ഗവേഷണപ്രവർത്തനങ്ങൾ
- ക്യാമ്പസ് ഒരു പാഠപുസ്തകം ,ജൈവവൈവിധ്യ ഉദ്യാനം.

# കാര്യോപദേശകസമിതിഅംഗങ്ങളുടെ നിർദ്ദേശങ്ങൾ



# ശ്രീ പ്രകാശൻ വി കെ.

## (ഡയറ്റ് മുൻ പ്രിൻസിപ്പൽ )



- ജില്ലയിലെ ഐ ടി ഇ സ്പോർട്സ് മീറ്റ് മികച്ച രീതിയിൽ നടത്തണം

- എൽ എസ് എസ് /യു എസ് എസ് പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കണം. കഴിഞ്ഞ വർഷത്തെ കചസ്റ്റ്യൻ പേപ്പർ ഉടൻതന്നെ ഫീൽഡിൽ കൊടുക്കുകയും കുട്ടികളെ പരിശീലിപ്പിക്കുകയും വേണം

- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന പദ്ധതിയുടെ രണ്ടാംഘട്ടം ഉടൻ ആരംഭിക്കണം

- കൃത്യമായ പ്ലാനിങ്ങോടെ ജൈവവൈവിധ്യ ഉദ്യാനം പദ്ധതി രൂപീകരിക്കണം

- ഒന്നാംതരം ഒന്നാന്തരം പദ്ധതിയുടെ തുടർച്ചയെന്നോണം രണ്ടാംതരം ഒന്നാംതരം എന്ന പദ്ധതി ആവിഷ്കരിക്കണം

- എല്ലാ ITE കളിൽ നിന്നും തെരെഞ്ഞെടുത്ത കുട്ടികൾക്ക് കമ്പ്യൂട്ടറിൽ പരിശീലനം നൽകുകയും ആ കുട്ടികൾ റിസോഴ്സ് പേഴ്സൺസ് എന്ന രീതിയിൽ അവരവരുടെ ITE കളിൽ ഉള്ള മറ്റു വിദ്യാർഥികൾക്ക് ട്രെയിനിങ് നൽകുകയും വേണം
- വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് റിസർച്ച് വർക്കുകൾ നടക്കണം. റിസർച്ചുകൾ ആധികാരിക രേഖയാക്കി സൂക്ഷിക്കുന്ന വിധത്തിൽ കുറ്റമറ്റതുമായിരിക്കണം.

# ശ്രീ.സി.ശശിധരൻ നായർ

(റിട്ട.സീനിയർ ലക്ചറർ,ഡയറ്റ്)



- അവധിക്കാല അധ്യാപക പരിശീലനം അധ്യാപകർ ആഗ്രഹിക്കുന്നത് എന്ത് എന്നറിഞ്ഞ് ചെയ്യാനുള്ള തയ്യാറെടുപ്പുകൾ വേണം
- ഒന്നാംതരം ഒന്നാന്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഡയറ്റ് തുടരണം
- ആക്ഷൻ റിസർച്ച് വിദ്യാലയങ്ങളിൽ ഊർജിതമാക്കണം . ആക്ഷൻ റിസർച്ച് വിഷയങ്ങൾ കണ്ടുപിടിക്കുന്നതിനും വലിയ ശ്രദ്ധ നൽകണം
- ഓരോ വിഷയത്തെയും നിലവാരം എവിടെയെത്തി എന്ന് പരിശോധിച്ച് ആവശ്യമായ പിന്തുണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തണം
- വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ skills വർദ്ധിപ്പിക്കനുള്ള കർമപരിപാടികൾ ആവിഷ്കരിക്കണം.
- പ്രീപ്രൈമറി വിദ്യാർഥികൾക്ക് അവരുടെ പ്രായത്തിനും കഴിവിനും അനുസരിച്ചുള്ള പാഠഭാഗങ്ങളും നോട്ട്ബുക്കുകളും മാത്രമേ ഉള്ളൂ എന്ന് ഉറപ്പുവരുത്തണം
- കോട്ടയം ജില്ല പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ മുൻപിൽ വരത്തക്കവിധം വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപി പ്പിച്ചു കൊണ്ട് പോകേണ്ടത് ഡയറ്റിന്റെ ഉത്തരവാദിത്തമാണ്.
- വിദ്യാർത്ഥികളുടെ സർഗ്ഗശേഷി ഉയർത്താനുള്ള വിവിധ പദ്ധതികൾ ഡയറ്റ് ആവിഷ്കരിക്കണം

## ശ്രീ.ബിനീത് കെ.എസ്

- പ്രീ പ്രൈമറി തലത്തിൽ ഡയറ്റിന് ഇടപെടൽ സ്വാഗതാർഹമാണ് കളിത്തോണി കളിപ്പന്ത എന്നിവ വേണ്ട രീതിയിൽ വിനിമയം ചെയ്യപ്പെടുന്നുണ്ടോ എന്നുള്ളതിന് ശക്തമായ മോണിറ്ററിംഗ് അനിവാര്യമാണ്.
- ഉല്ലാസ ഗണിതം പോലുള്ള പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഡയറ്റിന്റെ കൃത്യമായ നേതൃത്വം ഉണ്ടായിരിക്കണം
- ഡയറ്റ് ലൈബ്രറി ജില്ലയിലെ എല്ലാ അധ്യാപകർക്കും നല്ല രീതിയിലുള്ള റഫറൻസ് നടത്താനുള്ള ഒരു വേദിയാക്കി മാറ്റണം. ഡയറ്റ് തയ്യാറാക്കുന്ന പരിശീലന പരിപാടികളുടെ മൊഡ്യൂൾ റഫർ ചെയ്യുന്നതിനുള്ള സൗകര്യം ലൈബ്രറിയിൽ ഒരുക്കണം.
- ഡയറ്റ് നേതൃത്വത്തിൽ നടക്കുന്ന ക്രിയാ ഗവേഷണ പ്രവർത്തനങ്ങളുടെ ആധികാരിക രേഖ ഡയറ്റ് ലൈബ്രറിയിൽ ലഭ്യമാക്കണം
- ജില്ലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന വിദ്യാലയങ്ങൾ കൃത്യമായി ഡോക്യുമെന്റേഷൻ ചെയ്യപ്പെടണം.

## ശ്രീ.എം.ജെ തോമസ്

- ഐടിഇ കളെ പങ്കെടുപ്പിച്ചുകൊണ്ട് മികവ് പരിപാടികൾ നടത്തണം
- പ്രീ പ്രൈമറി യുടെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമമായി ചിട്ടപ്പെടുത്തി എടുക്കണം
- ഡി എൽ എഡ് കരിക്കുലത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കാതെ മികച്ച പരിശീലന പദ്ധതികൾ ഐടിഇ സ്റ്റുഡൻസിനു വേണ്ടി ആവിഷ്കരിക്കണം
- സമൂഹവുമായി ബന്ധപ്പെട്ട കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം

## ശ്രീ.സ്കറിയ എം.സി

- കലാ കായിക അധ്യാപകർക്ക് നൽകാൻ പോകുന്ന പരിശീലനം തികച്ചും സ്വാഗതാർഹം
- എൽ എസ് എസ് /യു എസ് എസ് പരിശീലനം കുട്ടികൾക്ക് ഡയറ്റ് നേരിട്ട് നൽകണം
- ശിൽപോദ്യാനത്തോടൊപ്പം ജൈവവൈവിധ്യ ഉദ്യാനം വിവിധയിനം പക്ഷികളുടെയും ജന്തുക്കളുടേയും സങ്കേതമാകുന്ന ജീവജാല പാർക്ക് എന്നിവ ഡയറ്റിൽ രൂപീകരിക്കണം.

## ശ്രീമതി.ശ്രീലത കെ.എ (AEO കോട്ടയം ഈസ്റ്റ്)

- അതത് ക്ലാസ്സുകളിൽ നേടേണ്ടതായ നിലവാരത്തിൽ കുട്ടികൾ എത്തിച്ചേരുന്നുണ്ടോ എന്ന് പരിശോധിക്കണം.
- ഹൈസ്കൂൾ അറ്റാച്ചഡ് എൽപി യുപി കളിൽ, യു പി വിഭാഗത്തിലെ കുട്ടികൾ വേണ്ടത്ര നിലവാരം പുലർത്തുന്നില്ല എന്ന് കണ്ടെത്താനായിട്ടുണ്ട്. ഇതിന്റെ കൃത്യമായ കാരണങ്ങൾ പഠനം നടത്തി കണ്ടെത്തി ആവശ്യമായ പരിഹാരങ്ങൾ ഡയറ്റ് നിർദ്ദേശിക്കണം
- പ്രീ പ്രൈമറി യുടെ ഏകോപനം വിലയിരുത്തണം
- പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തപ്പെടുകയും കോട്ടങ്ങൾ ഉണ്ടെങ്കിൽ അതിനുള്ള പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും വേണം
- കായിക അധ്യാപകരുടെ കുറവ് പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളണം

## ശ്രീ. പ്രമോദ് കെ.വി ( ബി പി ഒ, ബി ആർ സി ഈരാറ്റുപേട്ട)

- ആക്ഷൻ റിസർച്ച്, നാഷണൽ അച്ചീവ് മെന്റ് സർവ്വേ, FDP എന്നിവയിലെ കണ്ടെത്തലുകളെ ഏകോപിപ്പിച്ചുകൊണ്ട് വേണം ഓരോ വർഷത്തെയും PAC പ്ലാനിങ് തയ്യാറാക്കുവാൻ
- സർവ്വേ പ്രകാരം ഗണിതത്തിലും ശാസ്ത്രത്തിലും കുട്ടികൾ പിന്നാക്കം നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കണ്ടെത്തലുകൾക്ക് ശേഷം അതിന് അനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഡയറ്റ് പരിശ്രമിക്കണം
- സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളെ കണ്ടെത്താനും കൃത്യമായ പരിശീലനത്തിനുള്ള ഏർപ്പാടുകൾ നടത്താനും ഡയറ്റ് ശ്രമിക്കണം
- ആക്ടിവിറ്റി പ്രവർത്തനങ്ങൾക്കും പരീക്ഷ ഏർപ്പെടുത്തണം
- IT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്താൻ ശക്തമായ മോണിട്ടറിംഗ് സംവിധാനം വേണം

## ശ്രീ.ഗോപകുമാർ കെ.ജി(പ്രിൻസിപ്പൽ,VKPMNSS ITE,ഇടമറ്റം)

- പൊതുവിദ്യാലയങ്ങളിൽ ചില ക്ലാസ്സുകളിൽ മലയാളം മീഡിയം ഇല്ല എന്നൊരു അവസ്ഥയുണ്ട്. ഇത് ഗൗരവമായി കണക്കാക്കണം
- പൊതു വിദ്യാഭ്യാസത്തിൽ മെച്ചപ്പെട്ട കരിക്കുലം ഉണ്ട് എന്ന് പറയുമ്പോൾ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിവരുന്നത് പരാജയ സൂചനയാണ്. അതിനാൽ കരിക്കുലം കുറ്റമറ്റതാക്കി തയ്യാറാക്കണം.
- ITE അധ്യാപകർക്ക് ടീച്ചിംഗ് മാനുവൽ ,അഡാപ്റ്റഡ് ടീച്ചിങ് മാനുവൽ എന്നിവയിൽ പരിശീലനം നൽകണം

## ശ്രീ.സജികുമാർ എസ് എ (പിടിഎ പ്രസിഡൻറ് ,ഡയറ്റ്)

- ഗണിത ശേഷികളെ പോഷിപ്പിക്കാൻ ഉള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടക്കണം
- പ്രൈമറി തലത്തിൽ ഇംഗ്ലീഷ് മീഡിയം മാത്രമാണ് മാതാപിതാക്കൾക്ക് താല്പര്യം. ഇംഗ്ലീഷ് മീഡിയം ഇല്ലാത്തതിനാൽ പ്രൈമറിയിൽ കുട്ടികളുടെ എണ്ണം കുറയാൻ ഇടയാകുന്നു
- പ്രീ പ്രൈമറികൾ ജില്ലയിലുടനീളം പലതരത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനൊരു ഏകോപനം കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ സാധ്യമാക്കണം

## ശ്രീ.കെ വി രതീഷ് (ജില്ലാ കോഡിനേറ്റർ സാക്ഷരതാ മിഷൻ)

- അനൗപചാരിക വിദ്യാഭ്യാസം കൂടുതൽ ശക്തിയാർജ്ജിക്കേണ്ടതുണ്ട്
- ജില്ലയിലെ SC/ST വിഭാഗത്തില്ുള്ളവരുടെ മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഒന്നുകൂടെ ഊർജിതപ്പെടുത്തണം .അവർക്ക് സമ്പൂർണ സാക്ഷരത കൈവരിക്കാൻ ആവശ്യമായ പിന്തുണ നൽകണം.
- സാക്ഷരത പ്രേരക് മാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകണം.
- പത്താം ക്ലാസ് തുല്യത പഠിതാക്കൾക്ക് പരീക്ഷക്ക് മുൻപായി മുന്നൊരുക്കം നൽകണം.
- ഒന്നാംതരം ഒന്നാന്തരം പദ്ധതി ഇനിയും വ്യാപിപ്പിക്കണം. സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്ത് എന്ന് വ്യക്തമാക്കണം. എല്ലാവിധത്തിലും പിന്നാക്കം നിൽക്കുന്ന വിദ്യാലയങ്ങളെ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്.

## ശ്രീ.സന്തോഷ്കുമാർ സി.ആർ

(Rtd.പ്രിൻസിപ്പൽ GHSS കല്ലാർ)

- ഒന്നാംതരം ഒന്നാന്തരം പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ കൃത്യമായി പരിശോധിച്ച് കുട്ടികൾക്ക് ഉണ്ടായ മികവ് അറിഞ്ഞ ശേഷമേ ആ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവൂ.

- കോളനികൾ കേന്ദ്രീകരിച്ചുള്ള അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ മുൻപ് പഠിച്ച പാസായ വരെ ഉൾപ്പെടുത്തുന്നില്ല. ഈ അവസ്ഥ മാറ്റി അവരെ കൂടി ഉൾപ്പെടുത്താൻ ശ്രമിക്കണം


- ഡയറ്റ് ഉത്തരവാദിത്വം എന്നാൽ മൈനസ് ടു മുതൽ പ്ലസ് ടു വരെ ആണ് .എന്നാൽ ഹയർ സെക്കൻഡറി തലത്തിൽ ഡയറ്റ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല .ഈ അവസ്ഥ മാറ്റിയേ തീരൂ
- ഒരു സൈക്കോളജി ലാബ് ഡയറ്റിൽ ഉണ്ടാകണം. അതിൽ മോഡൽ കൗൺസിലിംഗ് സെന്റർ രൂപീകരിക്കുകയും വേണം
- പ്രൈമറി അധ്യാപകരെ ഹൈടെക് ഉപയോഗത്തിൽ കൂടുതൽ ശാക്തീകരിക്കണം

## ശ്രീമതി.ഷൈല സെബാസ്റ്റ്യൻ(ജില്ലാ പ്രോഗ്രാംഓഫീസർ SSK)

- ഡയറ്റും എസ് എസ് കെ യും ഒരുമിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകണം

- ഉല്ലാസ ഗണിതം എന്ന പുതിയ പ്രവർത്തനം വിജയിപ്പിക്കാൻ കൂട്ടായ യത്നം ആവശ്യമാണ്

- മോണിറ്ററിംഗ് ടീം എല്ലാ വിഭാഗത്തിൽ നിന്നുമുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് വേണം രൂപീകരിക്കാൻ



## ശ്രീമതി. മഞ്ജു പികെ

ലക്ചറർ, ഡയറ്റ്

- കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ വിശകലനവും വിലയിരുത്തലും മികവോടെ നടന്നു.
- വിജയിച്ച പദ്ധതികളുടെ വ്യാപനവും പോരായ്മകൾ നികത്തി കൊണ്ട് മുന്നോട്ട് പോകാനുള്ള ആർജ്ജവവും ഡയറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

- 2019 20 അധ്യയന വർഷത്തെ പദ്ധതികളുടെ രൂപരേഖ അവതരണവും നടന്നു

- ഈ വർഷം ഉൾപ്പെടുത്തണം എന്ന് അംഗങ്ങൾ ആവശ്യപ്പെട്ട് പ്രവർത്തനങ്ങൾ തീർച്ചയായും പരിഗണിക്കും

- വിവിധ മേഖലകളിലെ വിദഗ്ധരുടെ കൂടിയിരിപ്പാണ് ഉപദേശക സമിതി യോഗം എന്നതിനാൽ, ലഭിച്ച നിർദ്ദേശങ്ങൾ എത്രമാത്രം വിലയേറിയതാണെന്ന് തിരിച്ചറിയുന്നു.
- ജില്ലയിലെ വിദ്യാഭ്യാസ കാര്യങ്ങളുടെ ഏകോപനവും നടത്തിപ്പും ആണ് ഡയറ്റിന്റെ ചുമതല.

- വിദ്യാഭ്യാസ മേഖലയിൽ ഒരു വിട്ടുവീഴ്ച്ചയ്ക്കും കോട്ടയം ജില്ല തയ്യാറല്ലെന്ന ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ വാക്കുകളെ സഹർഷം സ്വീകരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,ജില്ലയിലെവിദ്യാഭ്യാസ ഓഫീസർമാർ, വിവിധസംഘടനകൾ, എസ് .എസ്. കെ, പൊതുവിദ്യാഭ്യാസ സംരക്ഷ യജ്ഞം , സാക്ഷരതാ മിഷൻ, അധ്യാപകർ, ഡയറ്റ് PTA ഉൾപ്പെടെയുള്ള എല്ലാഅഭ്യുദയ കാംക്ഷികളുടെയും സഹകരണം ഇനിയും ആവശ്യമാണ്.

ജില്ലാ പഞ്ചായത്തിന്റെ നിർലോഭമായ സഹകരണങ്ങൾക്ക് പ്രത്യേകം നന്ദി.



# ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം (ഡയറ്റ്)കോട്ടയം





# PAC MEETING 2019





DISTRICT INSTITUTE OF EDUCATION AND TRAINING(DIET)
KOTTAYAM,VELLOOR P.O, PAMPADY, 686501, Ph.0481 250613